## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടി ക്രമം

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-ലാബ് ടെക്നീഷ്യൻ ഗ്രേഡ്1-അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. ജി.ഒ(ആർ.റ്റി)നം.39/2017/എച്ച്&എഫ്.ഡബ്ല്യു.ഡി, തീയതി 07.01.2017.

2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 1618/2016 വ്യവഹാരത്തിന്മേലുള്ള 31.10.2016-ലെ ഇടക്കാല ഉത്തരവ്.

3. ജി.ഒ (ആർ.റ്റി)നം.1253/15/ആ.കു.വ, തീയതി 24.04.2015

4. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 08.02.2017-ലെ 1133509/എച്ച്2/2017/ആ.കു.വ നമ്പർ കത്ത്.

5. ഉ.നം.ഇ.എഫ്2-10593/17/ആ.വ.ഡ, തീയതി 16.03.2017

6. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 1456/2016, 1697/2016 വ്യവഹാരത്തിന്മേലുള്ള 03.02.2016-ലെ ഉത്തരവ്.

### ഉത്തരവ് നമ്പർ ഇ.എഫ്2-59065/2015/ആ.വ.ഡ,തീയതി 17.03.2017

ഗവൺമെന്റ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 11.01.2016-ലെ ഒ.എ നമ്പർ 783/15, 773/15, 853/15 നമ്പർ കേസുകളിലെ വിധി നടപ്പിലാക്കിക്കൊണ്ട് പുറപ്പെടുവിച്ച സൂചന (1) ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിൽ നിലവിലുള്ള ഒഴിവുകളിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 ഉദ്യോഗക്കയറ്റം മുഖേന മറ്റ് ജില്ലകളിലേക്ക് നിയമിക്കപ്പെട്ട ജീവനക്കാരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തിരികെ നിയമിക്കുവാൻ ഉത്തരവിട്ടിരുന്നു.

ലാബ് ടെക്നീഷ്യൻ ഗ്രേഡ്1 സ്ഥാനക്കയറ്റം ലഭിച്ച വേളയിൽ മറ്റ് ജില്ലകളിലേക്ക് മാറ്റി നിയമിക്കപ്പെട്ട ശ്രീമതി.ആശാ വിജയൻ, ശ്രീമതി.സുനിതാ സെബാസ്റ്റ്യൻ, ശ്രീമതി.ശ്രീലേഖ.കെ.എൽ എന്നിവർ ആലപ്പുഴജില്ലയിൽ തിരികെ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒ.എ (ഇ.കെ.എം)നമ്പർ 1618/2016 നമ്പർ കേസിലെ ബഹു.ട്രൈബ്യൂണലിന്റെ സൂചന (2) പ്രകാരമുള്ള ഉത്തരവിൽ ആലപ്പുഴ ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്1, ഗ്രേഡ്2 തസ്തികയിൽ അനുപാതം പരാതിക്കാരുടെ കാര്യത്തിൽ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നും, അപ്രകാരം പാലിക്കപ്പെടുന്നില്ലായെങ്കിൽ അപ്രകാരമുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ്1 തസ്തികകളിൽ ഉദ്യോഗക്കയറ്റം ലഭിച്ച പരാതിക്കാരെ നിയമിക്കണമെന്നും വിധിക്കുകയുണ്ടായി.

സമാന വിഷയത്തിൽ ലാബ്ടെക്നീഷ്യൻ ഗ്രേഡ് 1 ആയി ഉദ്യോഗക്കയറ്റം ലഭിച്ച് ആലപ്പുഴ ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേക്ക് നിയമിക്കപ്പെട്ട കുമാരി ബീന.എം.ആർ, ശ്രീമതി.സ്വപ്ന മുതൽ പേർ യഥാക്രമം ഫയൽ ചെയ്ത ഒ.എ നമ്പർ 1445/14, 1956/14 നമ്പർ കേസുകളിൽ ബഹു.ട്രൈബ്യൂണലിൽ എതിർകക്ഷി 1 ആയ സർക്കാരിനോട് പരാതിക്കാരെ നേരിൽ കേൾക്കാനും ഉചിതമായ തീരുമാനം കൈക്കൊള്ളാനും വിധിക്കുകയുണ്ടായി. ആയതിൻ പ്രകാരം സർക്കാർ പുറപ്പെടുവിച്ച സൂചന (3) ഉത്തരവ് മറ്റ് കോടതി വ്യവഹാരങ്ങൾ കാരണം നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസർ ആലപ്പുഴ ജില്ലയിൽ ലാബ് ടെക്നീഷ്യന്റെ 4 ഒഴിവുകൾ ഗവൺമെന്റിൽ റിപ്പോർട്ടു ചെയ്തുവെങ്കിലും ഇപ്പോൾ 3 ഒഴിവുകൾ മാത്രമേ നിലവിലുള്ളു. സൂചന (5) ഉത്തരവ് മുഖേന നടത്തപ്പെട്ട സ്ഥലം മാറ്റത്തിലൂടെ ആലപ്പുഴ ജില്ലയിൽ ഒരു ഒഴിവു കൂടി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. സൂചന

(6) പ്രകാരമുള്ള ബഹു.ട്രൈബ്യൂണലിന്റെ വിധി പ്രകാരം ഗ്രേഡ്1, ഗ്രേഡ്2 അനുപാതം ജില്ലയിൽ പാലിക്കേണ്ടി വരുമ്പോൾ സ്ഥാനക്കയറ്റത്തിലൂടെ ഗ്രേഡ്1 ആയ ഏറ്റവും ജൂനിയറായ ജീവനക്കാരെ ഗ്രേഡ്1 ഒഴിവുകളുള്ള മറ്റു ജില്ലകളിൽ നിയമിക്കേണ്ടതാണ്.

മേൽ വിവരിച്ച 5 ഗ്രേഡ്1 ലാബ് ടെക്നീഷ്യന്മാർ എല്ലാവരും തന്നെ മുൻ കാലത്ത് സ്ഥാനക്കയറ്റം ലഭിച്ചവരാണ്. നിലവിൽ ആലപ്പുഴ ജില്ലയിൽ നിന്ന് ഇ.എഫ്2-76388/2015, തീയതി 02.03.2017, 03.03.2017 എന്നിവ പ്രകാരം 10 ഗ്രേഡ്2 ലാബ് ടെക്നീഷ്യന്മാരെ ഗ്രേഡ്1 ആയി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ആയതിനാൽ ഇപ്രകാരം സ്ഥാനക്കയറ്റം നൽകിയ ജീവനക്കാരാണ് ജില്ലയിൽ ഗ്രേഡ് 1 തസ്തികയിൽ ഏറ്റവും ജൂനിയറായിട്ടുള്ളത്.

മേൽ പറഞ്ഞ 4 ഒഴിവുകൾ കൂടാതെ ഒരു ഒഴിവു കൂടി സൃഷ്ടിക്കപ്പെട്ടാൽ മാത്രമേ സീനിയറായ ടി 5 ജീവനക്കാരെ ആലപ്പുഴ ജില്ലയിലേക്ക് സ്ഥലം മാറ്റാൻ കഴിയുകയുള്ളു. ആയതിനാൽ ടി ഉത്തരവുകൾ പ്രകാരം ആലപ്പുഴ ജില്ലയിൽ നിന്നും ഗ്രേഡ്1 ലാബ് ടെക്നീഷ്യൻ ആയി ഉദ്യോഗക്കയറ്റം നൽകിയതും ജില്ലയിൽ ഏറ്റവും ജൂനിയറുമായ ശ്രീമതി മിനി.വി(റാങ്ക് നം.423) ജില്ലയ്ക്ക് പുറത്തേക്ക് സ്ഥലം മാറ്റേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ 5 ലാബ് ടെക്നീഷ്യന്മാർ ആലപ്പുഴ ജില്ലയിൽ ഉചിതമായ നിയമനത്തിനായി അനുവദിക്കാനും ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 ജൂനിയറായ ശ്രീമതി മിനി.വി-യെ സ്ഥലം മാറ്റി പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഉചിതമായ നിയമനത്തിനായി അനുവദിച്ചുകൊണ്ടും താഴെ വിവരിച്ച പ്രകാരം ഉത്തരവാകുന്നു. ഈ ആഫീസിലെ ഉത്തരവ് നമ്പർ ഇ.എഫ്2- 76388/2015, തീയതി 02.03.2017, 03.03.2017 എന്നിവ പ്രകാരം ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 ആയി ഉദ്യോഗക്കയറ്റം ലഭിച്ച് ആലപ്പുഴ ജില്ലയിലെ ൽ ജോലി ചെയ്യുന്ന ജില്ലയിലെ ഏറ്റവും ജൂനിയറുമായ ശ്രീമതി. മിനി.വി, പബ്ലിക് ഹെൽത്ത് ലാബ്, ആലപ്പുഴ (റാങ്ക് നം.423)-നെ പാലക്കാട് ജില്ലയിലേക്ക് സ്ഥലം മാറ്റുന്നതിലൂടെ ഉണ്ടാകുന്ന ഒരു ഒഴിവും ഉൾപ്പെടെ ജില്ലയിലെ 5 ലാബ് ടെക്നീഷ്യൻ ഗ്രേഡ്1 ഒഴിവുകളിലേക്ക് താഴെ പട്ടികയിൽ സൂചിപ്പിക്കുന്ന ആലപ്പുഴ ജില്ലയിൽ നിന്നും ഉദ്യോഗക്കയറ്റം ലഭിച്ച് മറ്റ് ജില്ലകളിലേക്ക് നിയമിക്കപ്പെട്ട സീനിയറായ ലാബ് ടെക്നീഷ്യൻ ഗ്രേഡ്1-നെ സ്ഥലം മാറ്റി ഉചിതമായ നിയമനത്തിനായി ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസർക്ക് അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | പേര്, ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനം | റാങ്ക് നമ്പർ | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീമതി.ബീന.എം.ആർ<br>സാമൂഹികാരോഗ്യ കേന്ദ്രം,<br>ചാലിശ്ശേരി, പാലക്കാട് | 201 | |
| 2 | ശ്രീമതി.സ്വപ്ന<br>പ്രാഥമികാരോഗ്യ കേന്ദ്രം, ഒഴലപ്പടി,<br>പാലക്കാട് | 267എ | |
| 3 | ശ്രീമതി.സുനിത സെബാസ്റ്റ്യൻ<br>സാമൂഹികാരോഗ്യ കേന്ദ്രം,<br>പഴമ്പാലക്കോട്, പാലക്കാട് | 282 | |

| | | | |
|---|---|---|---|
| 4 | ശ്രീമതി.ആശാ വിജയൻ<br>താലൂക്ക് ആസ്ഥാന ആശുപത്രി,<br>ഒറ്റപ്പാലം, പാലക്കാട് | 287 | |
| 5 | ശ്രീമതി.ശ്രീലേഖ.കെ.എൽ<br>സാമൂഹികാരോഗ്യ കേന്ദ്രം,<br>ചെറുപ്പുളശ്ശേരി, പാലക്കാട് | 297 | |

ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം)ആലപ്പുഴ, പാലക്കാട് ടി ജീവനക്കാർക്ക് ഉചിതമായ നിയമനം നൽകാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ടി ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനമേധാവികൾ ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസറിൽ നിന്നും ഉചിതമായ നിയമന ഉത്തരവ് ലഭിച്ചാലുടൻ ടി ജീവനക്കാരെ സേവനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗിക രേഖയായി ഉപയോഗിക്കേണ്ടതാണ്.

വിടുതൽ .ചെയ്യുന്ന തീയതിയും ജോലിയിൽ പ്രവേശിക്കുന്ന തീയതിയും യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ.രമേഷ് ആർ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:

ജീവനക്കാർക്ക് മേലധികാരി മുഖേന

പകർപ്പ്

1. ജില്ലാ മെഡിക്കൽ ആഫീസർ (ആ), ആലപ്പുഴ, പാലക്കാട്
2. സൂപ്രണ്ട്, സാമൂഹികാരോഗ്യ കേന്ദ്രം, ചാലിശ്ശേരി/പഴമ്പാലക്കോട്/ ചെർപ്പുളശ്ശേരി, താലൂക്ക് ആശുപത്രി, ഒറ്റപ്പാലം.
3. ഫയൽ/കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

സൂപ്രണ്ട്